"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്-ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ. അന്യൂപ്.എൻ.കെ ഫയൽ ചെയ്ത OA 662/2022 നമ്പർ കേസിന്റെ 07.12.2023 തീയതിയിലെ ഉത്തരവ് നടപ്പിലാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.245/2024/F&WLD തീയതി,തിരുവനന്തപുരം, 31-05-2024.

പരാമർശം:-

1. 05.04.2022 ലെ ജി.ഒ (ആർ.റ്റി) 965/2022/ആഭ്യന്തരം നമ്പർ ഉത്തരവ്.
2. ശ്രീ. അന്യൂപ്.എൻ.കെ ഫയൽ ചെയ്ത OA 662/2022 ൻമേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 07.12.2023 ലെ ഉത്തരവ്.
3. ശ്രീ. അന്യൂപ്.എൻ.കെ സമർപ്പിച്ച 30/12/2023 ലെ അപേക്ഷ.
4. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 14.02.2024 ലെ ഇ7-1513/2022 നമ്പർ കത്ത്.
5. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 7.05.2024 ലെ എ9-3/49/2022/കെ.പി.എസ്.സി നമ്പർ കത്ത്.

ഉത്തരവ്

വനം വന്യജീവി വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ. അന്യൂപ് എൻ. കെ. ജോലിയിൽ പ്രവേശിച്ചപ്പോൾ നൽകിയ പരിശോധനാ പത്രികയിൽ ശാസ്താംകോട്ട പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 193/2013, 272/2013, 462/2013 എന്നീ കേസുകളിൽ പ്രതിയായിരുന്നു എന്ന വസ്തുത മറച്ചുവച്ചു എന്നുള്ളതിനാൽ പരാമർശം (1) ഉത്തരവ് പ്രകാരം ടിയാനെ പ്രസ്തുത തസ്തികയിൽ നിയമിക്കുന്നതിൽ നിന്നും വിലക്കി ആഭ്യന്തര വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ, ശ്രീ. അന്യൂപ് എൻ. കെ. ഫയൽ ചെയ്ത ഒ.എ. 662/2022 നമ്പർ കേസ്സിലെ 07.12.2023 തീയതിയിലെ ഉത്തരവിൽ ടിയാനോട് ഒന്നാം എതിർകക്ഷിയായ വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിനും, ഒന്നാം എതിർകക്ഷി അപേക്ഷകനെ നേരിൽ കേട്ട്, എല്ലാ സാഹചര്യങ്ങളും, ജീവനക്കാരന്റെ സേവനം ഉൾപ്പെടെ പരിശോധിച്ച് തീരുമാനം എടുക്കുന്നതിനും ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (2) പ്രകാരം ഉത്തരവാകുകയുണ്ടായി. തീരുമാനം എടുക്കുമ്പോൾ അവതാർ സിങ് കേസിലെ ഉത്തരവിലെ ഖണ്ഡിക 38 ലെ അപെക്സ് കോടതിയുടെ നിർദേശം പരിഗണിക്കാനും, ആഭ്യന്തര വകുപ്പിന്റെ അഭിപ്രായം കണക്കിലെടുക്കാതെ സ്വതന്ത്രമായ തീരുമാനം എടുക്കേണ്ടതാണ് എന്നും അതുവരെ അപേക്ഷകന് സർവീസിൽ തുടരാമെന്നും ഉത്തരവായിരുന്നു.

2. താൻ സർവ്വീസിൽ പ്രവേശിച്ചത് 13/11/2014-ലാണ് എന്നും, എന്നാൽ ശാസ്താംകോട്ട പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 193/2023, ക്രൈം നമ്പർ 272/2013, ക്രൈം നമ്പർ 462/2013 എന്നീ കേസുകളിൽ ഞാൻ പ്രതിയാണെന്നു കാണിച്ച് കോടതി സമൻസ്

പുറപ്പെടുവിക്കുന്നത് 11/12/2014, 10/07/2015, 26/11/2015 എന്നീ തീയതികളിലാണ് എന്നും ഞാൻ മേൽ സൂചിപ്പിച്ച കേസുകളിൽ പ്രതി ചേർക്കപ്പെട്ടതായി യാതൊരു അറിവും ഇല്ലായിരുന്നു എന്നും, അതിനാൽ സ്വാഭാവികമായും പരിശോധനാ പത്രികയിൽ ഞാൻ പ്രതിചേർക്കപ്പെട്ട വിവരം സൂചിപ്പിക്കാൻ കഴിയില്ല എന്നും ഈ വിഷയത്തിൽ അറസ്റ്റ് ചെയ്യപ്പെടുകയോ പോലീസ് കസ്റ്റഡിയിലാവുകയോ ചെയ്തിട്ടില്ല എന്നും , തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കി കൊണ്ട്, സർവീസിൽ തുടരുന്നതിനു അനുമതി നൽകണം ആവശ്യപ്പെട്ട് കൊണ്ടും പരാമർശം (3) പ്രകാരം ശ്രീ. അനൂപ് എൻ. കെ. അപേക്ഷ സമർപ്പിക്കുയുണ്ടായി.

3. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 15.02.2024 ന് വനം വന്യജീവി വകുപ്പ് അഡീഷണൽ സെക്രട്ടറി അപേക്ഷകനെ നേരിൽ കേൾക്കുകയുണ്ടായി. 'Suppression of Facts' ഉണ്ടായിട്ടില്ല എന്നും എല്ലാ ക്രിമിനൽ കേസുകളിൽ നിന്നും കുറ്റവിമുക്തനാക്കപ്പെട്ടു എന്നും റൂൾ 10(ബി) (iii) KS&SSR, 1958 പ്രകാരമുള്ള അയോഗ്യത സംബന്ധിച്ച് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും, ചട്ടം 3(സി) KS&SSR, 1958 പ്രകാരം കെ.പി.എസ്.സിയുടെ ഉപദേശം കൂടാതെ സേവനം അവസാനിപ്പിക്കാൻ കഴിയില്ല എന്നും അതും അഡ്വൈസ് അയച്ച് ഒരു വർഷത്തിനുള്ളിൽ മാത്രമേ കഴിയൂ എന്നും ഹിയറിങ്ങിൽ അപേക്ഷകൻ ബോധിപ്പിക്കുകയുണ്ടായി. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 311 (2) പ്രകാരം ഒരു സിവിൽ ഉദ്യോഗസ്ഥനെയും അദ്ദേഹത്തെ അറിയിച്ചിട്ടുള്ള ഒരു അന്വേഷണത്തിലൂടെ ഒഴികെയും കുറ്റാരോപണങ്ങളിൽ നേരിൽ കേൾക്കാതെയും പിരിച്ചുവിടാനോ നീക്കം ചെയ്യാനോ കഴിയില്ല എന്നും, അത്തരം നടപടി ക്രമങ്ങൾ ടി കേസിൽ സ്വീകരിച്ചിട്ടില്ല എന്നും കാരണം കാണിക്കൽ നോട്ടീസ് നൽകാനുള്ള അധികാരം നിയമനാധികാരിയായ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് മാത്രമാണ് എന്നും, അവതാർ സിംഗ് യൂണിയൻ ഓഫ് ഇന്ത്യ ([2016]) കേസിൽ സർവീസിൽ നിന്ന് പിരിച്ചുവിടുന്നത് മുൻപ്, കുറ്റകൃത്യത്തിന്റെ ഗൗരവം, തസ്തികയുമായി ബന്ധപ്പെട്ട ചുമതലകളുടെ സ്വഭാവം, കുറ്റവിമുക്തനാക്കലിന്റെ സ്വഭാവം, പശ്ചാത്തലം, കേസിന്റെ വസ്തുതകൾ എന്നിവ പരിഗണിച്ച് അനുയോജ്യത വിലയിരുത്തിയ ശേഷം ആയിരിക്കണം സർവീസിൽ നിന്ന് പിരിച്ചുവിടുന്നതു സംബന്ധിച്ച തീരുമാനം എടുക്കേണ്ടത് എന്നും ടി കേസിൽ തന്റെ ഇന്റഗ്രിറ്റിയോ സത്യസന്ധതയോ പരിഗണിച്ചിട്ടില്ല എന്നും എല്ലാ സാഹചര്യങ്ങളും പരിശോധിച്ച് സേവനത്തിൽ തുടരാൻ അനുമതി നൽകണം എന്നും ശ്രീ. അനൂപ് എൻ. കെ. അഭ്യർത്ഥിക്കുകയുണ്ടായി.

4. 13.11.2014-ൽ വനം വകുപ്പിൽ സെൻട്രൽ സർക്കിളിന് കീഴിൽ മലയാറ്റൂർ ഡിവിഷനിൽ കോടനാട് റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനത്തിൽ പ്രവേശിച്ച ശ്രീ. അനൂപ് എൻ . കെ ഔദ്യാഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്താത്ത ഉദ്യോഗസ്ഥനാണെന്നും വനസംരക്ഷണ പ്രവർത്തനങ്ങളിലും ഇക്കോട്ടൂറിസം പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കാറുണ്ടെന്നും മേലുദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം കാര്യക്ഷമ മായും സമയബന്ധിതമായും ഡ്യൂട്ടികൾ നിർവ്വഹിക്കാറുണ്ടെന്നും ശ്രീ. അനൂപ് എൻ. കെ.യുടെ അപേക്ഷയിന്മേൽ അനുഭാവപൂർവമായ നടപടി സ്വീകരിക്കണമെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. പരാമർശം (1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്മീഷന് നടപടികളൊന്നും സ്വീകരിക്കാനില്ലാത്തതിനാൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറി പരാമർശം (5) പ്രകാരം അറിയിക്കുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ശ്രീ. അനൂപ് എൻ. കെ. മലയാറ്റൂർ ഡിവിഷനിൽ ജോലിയിൽ പ്രവേശിച്ചപ്പോൾ നൽകിയ പരിശോധനാ പത്രികയിൽ ശാസ്താംകോട്ട പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 193/2013, 272/2013, 462/2013 എന്നീ കേസുകളിൽ

പ്രതിയായിരുന്നു എന്ന വസ്തുത മറച്ചുവച്ചു എന്നതാണ് നിയമന വിലക്കിന് അടിസ്ഥാനമായിട്ടുള്ളത്. ശ്രീ. അനൂപ്.എൻ.കെ സർവ്വീസിൽ പ്രവേശിച്ചത് 13/11/2014-ലാണ്. എന്നാൽ ശാസ്താംകോട്ട പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 193/2023, ക്രൈം നമ്പർ 272/2013, ക്രൈം നമ്പർ 462/2013 എന്നീ കേസുകളിൽ പ്രതിയാണെന്നു കാണിച്ച് ശ്രീ. അനൂപിന് കോടതി സമൻസ് പുറപ്പെടുവിക്കുന്നത് 11/12/2014, 10/07/2015, 26/11/2015 എന്നീ തീയതികളിലാണ്. മേൽ സാഹചര്യത്തിൽ suppression of facts'' ഉണ്ടായതായി കാണുന്നില്ല.

6. Avtar Singh's Vs. Union of India and others കേസിൽ ' Before a person is held guilty of suppressio veri or suggestio falsi, knowledge of the fact must be attributable to him' എന്ന് നിർദേശിച്ചിട്ടുണ്ട്. ശ്രീ. അനൂപ് പരിശോധനാപത്രിക പൂരിപ്പിക്കുമ്പോൾ ക്രൈം കേസുകൾ സംബന്ധിച്ച് വ്യക്തമായ അറിവ് ഉണ്ടായിരുന്നു എന്ന് പറയാൻ കഴിയില്ല. കൂടാതെ ടിയാനെതിരെയുള്ള എല്ലാ ക്രിമിനൽ കേസുകളിൽ നിന്നും കുറ്റ വിമുക്തനാക്കിയിട്ടുണ്ട്. Pawan Kumar V/s. Union of India and others (Civil Appeal No.(s) 3574/2002) കേസിലെ 02/05/2022-ലെ വിധിന്യായത്തിൽ "mere suppression of material /false information regardless of the fact whether there is a conviction or acquittal has been recorded, the employee/recruit is not to be discharged/terminated axiomatically from service just by stroke of pen" എന്ന് നിരീക്ഷിക്കുകയും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

7. വിവരം മറച്ചുവെച്ചു എന്നത് ശരിയാണെങ്കിൽ പോലും, സാങ്കേതിക പ്രശ്നം മാത്രം കണക്കാക്കാതെ മറച്ചുവച്ച വിവരത്തിന്റെ ഗൗരവം കൂടി പരിഗണിക്കേണ്ടതാണ്. ക്രിമിനൽ കേസിൽ പ്രതി ചേർക്കുകയും തുടർന്ന് കുറ്റവിമുക്തനാക്കപ്പെടുകയും ചെയ്ത ഒരാളെ ആയത് രേഖപ്പെടുത്തിയില്ല എന്ന ഒറ്റ കാരണത്താൽ മാത്രം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നത് ഉചിതമല്ല. suppression of facts സംബന്ധിച്ച വിഷയം പരിഗണിക്കുമ്പോൾ മറച്ചു വച്ച വിവരത്തിന്റെ സ്വഭാവം, വ്യാപ്തി എന്നിവ കൂടി പരിശോധനാ വിധേയമാക്കി വേണം അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത്. ഈ വിഷയത്തിൽ വിവരം മറച്ചുവെച്ചു എന്ന വാദം പോലും നിലനിൽക്കുന്നതാണ് എന്നു കാണുന്നില്ല. മാത്രവുമല്ല, 13.11.2014-ൽ മലയാറ്റൂർ ഡിവിഷനിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനത്തിൽ പ്രവേശിച്ച ശ്രീ. അനൂപ് എൻ.കെ യെ, 9 വർഷത്തിന് ശേഷം, പ്രവേശിച്ചപ്പോൾ നൽകിയ പരിശോധനാ പത്രികയിലെ വിഷയം പറഞ്ഞു നിയമനം വിലക്കുന്നത് ഉചിതമാണെന്ന് കാണുന്നില്ല.

8. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, വനം വന്യജീവി വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ. അനൂപ് എൻ. കെ. യ്ക്ക് ജോലിയിൽ തുടരുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

9. അപ്രകാരം ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷാജൻ.എ

അഡിഷണൽ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

ശ്രീ. അനൂപ്.എൻ.കെ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ഫ്ലൈയിംഗ് സ്ക്വാഡ് റേഞ്ച്, പുനലൂർ, കൊല്ലം- 691 305.

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ(ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.
ആഭ്യന്തര വകുപ്പ്.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 31-05-2024 15:08:15
സെക്ഷൻ ഓഫീസർ.